(സി) എന്നുമുതൽ ഈ മാലിന്യം നീക്കം ചെയ്തു തുടങ്ങുമെന്ന് തീരുമാനിച്ചിരുന്നോ ;

(ഡി) എങ്കിൽ തീരുമാനപ്രകാരം മാലിന്യം നീക്കം ചെയ്തു തുടങ്ങിയോ ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ പറയാമോ ;

(എഫ്) എത്രയും വേഗം ആശുപത്രികളും പരിസരങ്ങളും മാലിന്യ വിമുക്തമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) മെഡിക്കൽ കോളേജ് ആശുപത്രികളിലെ മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. മാലിന്യങ്ങൾക്കുള്ളിൽ ഖരമാലിന്യങ്ങൾ ബയോമെഡിക്കൽ വേസ്റ്റായും മറ്റ് മാലിന്യങ്ങളായും വേർതിരിച്ച് സംസ്ക്കരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ബയോമെഡിക്കൽ വേസ്റ്റ് ഇൻസിനറേറ്റർ ഉപയോഗിച്ച് കത്തിച്ചുകളയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഈ സംവിധാനം നിലവിലുണ്ട്. കൂടാതെ കരാറടിസ്ഥാനത്തിലും മാലിന്യങ്ങൾ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി&ഇ) ഇപ്പോൾ തന്നെ മിക്കവാറും ആശുപത്രികളിൽ മാലിന്യങ്ങൾ സംസ്ക്കരിക്കുകയും നീക്കം ചെയ്യുകയും ചെയ്യുന്നുണ്ട്.

(എഫ്) നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുവാൻ നടപടി

20 (*423) ശ്രീ. സാജു പോൾ :
ശ്രീ. പി. ജയരാജൻ :
ശ്രീ. വി. കെ. സി. മമ്മത്കോയ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവ സമാഹരണം വർദ്ധിപ്പിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും ഉതകുംവിധം നികുതി പുനർനിർണ്ണയം നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇതിനായി സംസ്ഥാന ധനകാര്യ കമ്മീഷൻ നൽകിയ ശുപാർശകൾ എന്തൊക്കെയാണ് ;

(ഡി) ധനകാര്യ കമ്മീഷന്റെ രണ്ടാം ശുപാർശ എന്നാണ് സർക്കാരിന് ലഭിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പ്രസ്തുത ശുപാർശയിന്മേൽ നടപടി വല്ലതും സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(എഫ്) സ്റ്റേറ്റ് ഫിനാൻസ് കമ്മീഷന്റെ ശുപാർശകൾ അംഗീകരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) :

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഭവ സമാഹരണം വർദ്ധിപ്പിക്കുന്നതിനുതകും വിധം വസ്തു നികുതി പരിഷ്കരണം നടത്തുന്നിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) കെട്ടിടം സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ പ്രാധാന്യം, റോഡിന്റെ സാമീപ്യം, കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം, പഴക്കം, മേൽക്കൂരയുടെ സ്വഭാവം, തറയുടെ നിർമ്മാണത്തിനുപയോഗിച്ചിട്ടുള്ള വസ്തുക്കളുടെ ഗുണനിലവാരം എന്നിവ അടിസ്ഥാനമാക്കി വസ്തു നികുതി പരിഷ്ക്കരിക്കാനാണ് നടപടി സ്വീകരിച്ചു വരുന്നത്.

(സി) ഒന്നാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) രണ്ടാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾ 08-01-2001-ന് ലഭിച്ചു.

(ഇ&എഫ്) രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശകൾ സർക്കാരിന്റെ പരിഗണയിലാണ്.

ഗവൺമെന്റ് ആശുപത്രികളിലെ രോഗികൾക്ക് ആവശ്യമായ ഭക്ഷണം വിതരണം ചെയ്യാൻ നടപടി

21 (*424) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റ് ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് ആവശ്യമായ ഭക്ഷണം വിതരണം നടത്തുന്നുണ്ടോ ;

(ബി) ആവശ്യമായ ഭക്ഷണം വിതരണം നടത്താത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly